# കുട്ടിപ്പട്ടങ്ങൾ

## SCUGVHSS,PATTANAKKAD



# താളുകളിലൂടെ.......

1. പോലീസുകാരൻ മുത്തച്ഛൻ..........................................3
2. അച്ഛൻ................................................................6
3. അനുകമ്പ..............................................................8
4. ഭാരതത്തിലെ ഉപരാഷ്ട്രപതിമാർ...................................9
5. ബുദ്ധിമാനായ കുറുക്കനും മണ്ടനായ കരങ്ങനും...............10
6. പ്രകൃതിയും മനുഷ്യനും...................................................11
7. ചിടിയ നെ സീഖാ യെ സബക്.......................................12
8. നാവിലെ മലയാളം......................................................14
9. ഗുരുവചനങ്ങൾ..........................................................15
10. നീയറിയുന്നില്ലല്ലോ.....................................................17
11. കേരളം അടിസ്ഥാനവിവരങ്ങൾ.....................................19
12. കടംകഥകൾ..............................................................20
13. ഞണ്ടിൻ ഉപദേശം......................................................22
14. ഭാരതത്തിലെ പ്രധാനമന്ത്രിമാർ...................................24
15. കുഞ്ഞിക്കുരുവിയും കണ്ടൻപൂച്ചയും..................................26
16. ക്വിസ്....................................................................29
17. ജവഹർലാൽ നെഹറു.....................................................30
18. തുമ്പി വാ വാ............................................................32
19. വൈക്കം മുഹമ്മദ് ബഷീർ..............................................33
20. കൈറ്റ്......................................................................34
21. ഭാരതത്തിലെ ഉപരാഷ്ട്രപതിമാർ.......................................35
22. സമയ്.......................................................................36
23. സ്നേഹം....................................................................37
24. മഴ മഴ മഴ................................................................38
25. സൗഹൃദം..................................................................39

ഓർമ്മയിൽ സൂക്ഷിക്കാൻ

ചിലതിരിച്ചറിവുകളേകി....പ്രളയം



# പോലീസുകാരൻ മുത്തച്ഛൻ



"അവളുടെ മുത്തച്ഛൻ ഒരു പോലീസുകാരനാണ്" നിമിഷയുടെ കൊച്ചു കണ്ണുകൾ തിളങ്ങി .... അവൾ അതേയെന്നു തലയാട്ടി. അർജ്ജുനും സൂരജും അവളെ അഭിമാനത്തോടെ നോക്കി. കള്ളന്മാർക്കൊക്കെ നല്ല ഇടികിട്ടുമായിരിക്കും അല്ലെ.....

പക്ഷെ,അതുകേട്ടപ്പോൾ നിമിഷയുടെ മുഖം വാടി. അവൾ ചെറിയ കുട്ടിയല്ലേ ..... ഇല്ല മുത്തച്ഛൻ ആരെയെയും ഇടിക്കുകയില്ല. അത് നുണ.പോലീസുകാരൻ നല്ലവണ്ണം ഇടിക്കും....

അവർ കണ്ട സിനിമകളുടെ കഥകൾ അവൾക്കു മുന്നിൽ നിരത്തിത്തുടങ്ങി. നിമിഷയ്ക്കു സങ്കടം വന്നു.അവളുടെ കവിളികൾ ചുവന്നു... അന്ന് അവൾ ആരോടും ഒന്നും മിണ്ടിയല്ല. വീട്ടിലെത്തിയ ഉടനെ ഓടിചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് കരഞ്ഞു.

മുത്തച്ഛൻ എന്തിനാ ആളുകളെ തല്ലുന്നത്?

തല്ലുകയോ ആരെ?

അർജ്ജുൻ പറഞ്ഞല്ലൊ കള്ളന്മാരെയൊക്കെ തല്ലുമെന്ന്.

അമ്മ പറഞ്ഞു:ഇല്ല മോളെ അങ്ങനെ ഒന്നും ഇല്ല.

പിന്നെ കുറ്റം ചെയ്തവരെ ശിക്ഷിക്കണ്ടെ?

അതു കേട്ടപ്പോൾ മുത്തച്ഛൻ പൊട്ടിച്ചിരിക്കാൻ തുടങ്ങി....

ശരി ശരി ഇനി തല്ലില്ല പോരെ...

ഇനി തല്ലില്ലയെന്ന് ഉറപ്പുതാ

ശരി ഉറപ്പ്. മുത്തച്ഛൻ അവളുടെ ചെറിയ കൈപ്പത്തിയിൽ തന്റെ കൈചേർത്തു.

ഉറപ്പ്.....

അവളുടെ കണ്ണുകൾ വികസിച്ചു.ചുണ്ടിൽ ചിരി വന്നു. നിമിഷ മുത്തച്ഛന്റെ കഴുത്തിൽ ചുറ്റികയറി കെട്ടിപ്പിടിച്ചു.ആ നന്മയുടെ കുടുംബം സന്തോഷത്തോടെ താമസിച്ചു.

# അച്ഛൻ



അമ്മയെന്ന പ്രകാശത്തിനുമുന്നിൽ
പലപ്പോഴും ഒളിമങ്ങുന്ന
വിളക്കാണ് അച്ഛൻ ........

ഒരു പുരുഷായുസ്സിന്റെ മുഴുവൻ വിയർപ്പും,
ചിന്തയും കുടുംബത്തിനായി ഹോമിക്കും......


സ്വയം ഉരുകുമ്പോഴും
അത് പുറത്തറിയിക്കാനാകാതെ
തന്നെ ആശ്രയിക്കുന്നവരെ
മുഴുവൻ താങ്ങിനിർത്തും.....

അരയാൽ പോലെ തന്റെ
വീടിനു മീതെ പടർന്നുപന്തലിച്ച്
തണൽ നൽകും.....

അമ്മയയും മക്കളും മാത്രമുള്ള
വീട്ടിലേക്ക് അച്ഛൻ മടങ്ങി
വരുമ്പോൾകിട്ടുന്ന ആശ്വാസം
പറഞ്ഞറിയിക്കാനാവില്ല അത്

അച്ഛൻ നൽകുന്ന  സ്നേഹം,
സുരക്ഷിതത്വം,കരുതൽ ദയ
പകരമാവില്ല മറ്റൊന്നിനും

# അനുകമ്പ



ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര!നൽകുകുള്ളിൽ നിൻ-
തിരുമെയ് വിട്ടകലാതെ ചിന്തയും

അരുളാൽ വരുമിമ്പമൻപ
ന്നൊരുനെഞ്ചാൽവരുമല്ലലിൻ
കരുവാകും കരുവാമിതേതിനെം

അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം
'അരുളുള്ളവനാണ ജീവി' യെ-
ന്നരുവിട്ടീടുകയീ നവാക്ഷരി

അരളിയതെങ്കിലസ്ഥി തോൽ
സിര നാറുന്നൊരുടമ്പു താനവൻ
മരുവിൽ പ്രവഹിക്കുമംബുവ-
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം

- ശ്രീനാരായണഗുരു

# ഭാരതത്തിലെ ഉപരാഷ്ട്രപതിമാർ

1. ഡോ. രാധാകൃഷ്ണൻ : 1952-1962
2. ഡോ.സക്കീർ ഹുസൈൻ : 1962-1967
3. ഡോ.വി.വി.ഗിരി : 1967-1969
4 ജി.എസ്. പാഡക്ക് : 1969-1974
5. ബി.ഡി. ജെട്ടി : 1974-1979
6. എം.ഹിദായത്തുള്ള : 1979-1984
7. ആർ.വെങ്കട്ടരാമൻ : 1984-1987
8. ഡോ.ആർ.ശങ്കർ ദേയാൽ ശർമ്മ 1987-1992
9. ഡോ.കെ.ആർ.നാരായണൻ : 1992-1997
10. ക്രിഷൻ കാന്ത് : 1997-2002
11. ഭൈറോൺ സിങ് ശെഖാവത്ത് :2002-2007
12. മുഹമ്മദ് ഹമീദ് അൻസാരി : 2007-

# ബുദ്ധിമാനായ കുറുക്കനും മണ്ടനായ കുരങ്ങനും



ഒരു ദിവസം കുറുക്കച്ചൻ പറഞ്ഞു 'കുരങ്ങൻചേട്ടാ, മഴക്കാലം അല്ലേ വരുന്നത് നമുക്ക് രണ്ട് പേർക്കും കൂടി കൃഷി ചെയ്യാലോ, "ആയിക്കോട്ടെ" എന്ന് കുരങ്ങനും പറഞ്ഞു.

അങ്ങനെ അവർ എല്ലു മുറിയെ പണിയെടുത്തു. വിളവെടുപ്പു കാലമായപ്പോൾ അവർ രണ്ടാളും എത്തി ചേർന്നു. അവർ ആദ്യം ചേനയുടെ വിളവെടുപ്പ് നടത്തി . ബുദ്ധിമാനായ കുറുക്കൻ ചേനയുടെ അടി ഭാഗം എടുത്തു . മുകൾ ഭാഗവും കൊണ്ട് കുരങ്ങൻ വീട്ടിലേക്ക് മടങ്ങി.കൂട്ടുകാരിയായ കിളി പറഞ്ഞപ്പോഴാണ് തനിക്കു പറ്റിയ അബദ്ധം കുരങ്ങനു മനസ്സിലായി.

വാഴക്കുലയുടെ വിളവെടുപ്പിനായി വന്നപ്പോൾ കുരങ്ങൻ കുറുക്കനോട് പറഞ്ഞു "കഴിഞ്ഞ പ്രാവിശ്യം എന്നെ പറ്റിച്ചതു പോലെ നടക്കില്ല ഈ പ്രാവിശ്യം അടിഭാഗം ഞാനെടുക്കും". കുറുക്കൻ സമ്മതിച്ചു. ബുദ്ധിമാനായ കുറുക്കൻ മണ്ടനായ കുരങ്ങനെ ഓർത്തു ചിരിച്ചു.

# പ്രകൃതിയും മനുഷ്യനും

ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ പ്രകൃതിയെ ചൂഷണം ചെയ്യുന്നവരാണ് മനുഷ്യൻ.പണ്ടുകാലത്ത് കാലത്തിനുസരിച്ച് മഴയുംമഞ്ഞും വെയിലും നമുക്ക് ലഭിച്ചിരുന്നു. ജീവികളെപ്പോലെ ഭൂമിയിൽ തുല്യാവകാശമുള്ള മനുഷ്യൻ ഭൂമി ഞങ്ങൾക്കു വേണ്ടി നിർമ്മിച്ചിരിക്കുന്നതാണെന്നു തെറ്റിദ്ധരിച്ചു . പ്രകൃതിയെ അതിന്റെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നു .എത്രയോ ജീവികൾക്ക് വംശനാശം സംഭവിച്ചിരിക്കുന്നു.അതിനുകാരണം ബുദ്ധിയെന്ന അമൂല്യ വസ്തു കയ്യിലുള്ള മനുഷ്യനാണ്.തന്റെ ഓരോ ആവശ്യങ്ങൾക്കും വേണ്ടി ഓരോന്നിനെ ഉപയോഗപ്പെടുത്തുകയാണ് മനുഷ്യൻ ചെയ്യുന്നത്. അത് പ്രകൃതിയിലുണ്ടാക്കുന്ന ദോഷങ്ങളൊന്നും മനുഷ്യൻ അറിയുന്നില്ല .എട്ടും പത്തും നിലകൾ ഉള്ള കെട്ടിടങ്ങൾ പണിയുന്നതും പണമുണ്ടാക്കുന്നതും മാത്രമാണ് അവന്റെ ചിന്ത. മണ്ണിന്റെ മണവും സ്പന്ദനവും അറിയുന്നവനാണ് യഥാർത്ഥ മനുഷ്യൻ.

# चिडिया ने सीखा एक सबक

शहर से दूर शांतवन नामक एक जंगल था जिसमें खूब सारे चिडियाँ रहती थीं ।वहाँ गोपू नामक चिडिया अपनी माँ के साथ रहती थी ।

एक दिन गोपू माँ से झगडकर दूर देश में चला गया ।वह इसलिए चला कि सके दोस्त ने कहा था- जंगल से दूर एक शहर है, वह स्वर्ग है ।इसलिए वह वहाँ गया ।लेकिन जब वहाँ पहूँचा तो उसने देखा कि वहाँ पेड और फल केबदले ऊँची ऊँची इमारतें हैं । वहाँ का वातावरण बहुत गरम और मलीमस है ।



वह थककर नीचे एक पेड के ऊपर आकर बैठ गया ।उसे बहुत भूख और प्यास लगी थी ।तभी उसे अपनी माँ की याद आई और वहाँ बैठकर रोने लगा ।उस समय एक कबूतर वहाँ आ गया और उससे रोने का कारण पूछा ।कबूतर ने उसे पानी की टंकी दिखा दी ।टंकी का पानी उसे अच्छा नहीं लगा।फिर भी उसे

पीकर गोपू ने अपनी प्यास बुझाई ।कबूतर गोपू से पूछा , ' तुम कहाँ से आ रहे हो ? ' गोपू ने कहा, ' जंगल से ' कबूतर बोला, ' अरे ,तुम जंगल से आ रहे हो, तो वापस जाओ,यहाँ जीना बहुत कठिन है।' ' हाँ ,अब मै समझा ।'

गोपू ने कहा ।वह जल्दी अपने घर चला गया और अपनी माँ से कहा- ' माँ,मुझे माफ कर दो, शहर अच्छा नहीं ।'

-----------------------------


# നാവിലെ മലയാളം

അമ്മവന്നുകൊഞ്ചിയപ്പോൾ അന്നുകേട്ട മലയാളം
പണ്ടുനമ്മളറിയാതെ ചുണ്ടനക്കിയമലയാളം
തേൻമധുരം തൊട്ടനേരംനാവറിഞ്ഞ മലയാളം
മേലുരഞ്ഞുനീറിയപ്പോൾ നോവറിഞ്ഞമലയാളം

കാതിനോരം കണ്ണിനോരം വന്നുണർന്ന കൗതുകങ്ങൾ
നല്ലവാക്കിലോതിടുവാൻ ചൊല്ലുതന്നമലയാളം
നാലുമണിപ്പൂവിനുള്ളിൽ നാണമായ് മലയാളം
താമരപ്പൂങ്കാവനത്തിൽ താമസിച്ചമലയാളം

നാട്ടുമാമ്പഴം രുചിക്കും പോലെയുള്ളമലയാളം
നാടിറങ്ങിപ്പോയതാണോ
കാട്ടുകോഴീ നീയറിഞ്ഞോ?

# ഗുരു വചനങ്ങൾ



പൊരുതുജയിപ്പതുസാധ്യമൊന്നിനോടൊ-

ന്നൊരു മതവും പൊരുതാലൊടുങ്ങുവീല

സത്യത്തെ മുൻനിർത്തി ജീവിക്കുന്നവൻ

സാക്ഷാൽ യോഗി ആകുന്നു

അവൻ എന്തുപറഞ്ഞാലുംതീർച്ചയായും

ഫലിക്കുന്നു

ത്യാഗം വേണം അപ്പോൾ കർമ്മവും ശരിയാകും

ആരാധിക്കാൻ വരുന്നവരെ അകറ്റിനിർത്തരുത്

വിദ്യ, ധനം, വയസ്സ്,സൗന്ദര്യം,ശീലം എന്നിവ
യോജിച്ച സ്ത്രീ-പുരുഷൻന്മാർ വിവാഹത്തിന്
യോഗ്യരായി ഭവിക്കുന്നു

അഴിമതി ഇല്ലെന്നും നീതിമാത്രമേനടക്കു എന്നും
ജനങ്ങൾക്കുവിശ്വാസം വരണം
ആപ്പോൾ എല്ലാവരും ഭരണത്തെ അനുക്രൂലിക്കും

ഒരുപീഡ എറുമ്പിനും വരുത്തരുത്

ഈശ്വര കാര്യർത്ഥമായ് പോകുന്നവരെ
ഈശ്വരൻതന്നെ രക്ഷിക്കാതിരിക്കയില്ല

പോരാട്ടങ്ങൾകൊണ്ട് നാശമേ ഉണ്ടാക്രൂ എന്ന്
മനുഷ്യനിനിയും പഠിക്കേണ്ടിയിരിക്കുന്നു
മരങ്ങൾ വച്ചുപിടിപ്പിക്കണംതണലുമായ് പഴവുമായ്

കണ്ടാലറിയില്ലെങ്കിൽ പിന്നെ കേട്ടാലറിയുന്നതെങ്ങനെ

നല്ലവരായ് നന്മചെയ്യുവിൻ

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

ധനം വിദ്യയാകും  വിദ്യസേവനമാകും

# നീയറിയുന്നില്ലല്ലോ.......



എന്തിനു വെറുതെ നീ വിരിഞ്ഞതെന്തേ
അന്ധമാം ലോകത്തിൽ ശോഭയറിയുന്നില്ല
നിൻ ജന്മ സാഫല്യമെന്തന്നറിയാതെ
കാറ്റിലാടി കളിക്കുന്നു നീ

ആർക്കുവേണ്ടി വിരിഞ്ഞതെന്നറിയാതെ
കാനന പാതയിൽ ഏകയായി
ആർക്കോവേണ്ടി സൂക്ഷിച്ച പൂന്തേൻ
നുകരുവാൻ മറ്റാരോ ശ്രമിക്കുന്നുവോ?

അസ്തമയ സൂര്യൻെറ ശോഭയിൽ തിളങ്ങുമ്പാൾ
നീയറിയുന്നില്ല നീ മാത്രമായി
നിൻ ശോഭ മണ്ണോട് ചേരുമ്പോഴും നീയറിയുന്നില്ല
മറ്റാരോ നിനക്കായ് കാത്തിരിക്കുന്നു.

................................

# കേരളം അടിസ്ഥാന വിവരങ്ങൾ




തലസ്ഥാനം – തിരുവനന്തപുരം

നിലവിൽവന്നത് – 1956 നവംബർ

വിസ്തീർണ്ണം – 38,863 ച.കി.മി

ജനസംഖ്യ – 3,33,87,677

ജനസാന്ദ്രത – 859/ച.കി.മി

സ്ത്രീകൾ – 1173,66,387
പുരുഷൻമാർ – 1,60,21,290

സാക്ഷരത – 93.91%
സ്ത്രീസാക്ഷരത – 91.98%

ജില്ലകൾ – 14

നദികൾ – 44
കിഴക്കോട്ട് ഒഴുകുന്ന നദികൾ –3
സംസ്ഥാന സർവ്വശാലകൾ –7

# ? കടങ്കഥകൾ

? ഞെട്ടില്ല വട്ടയില : പപ്പടം

? കാളകിടക്കും കയറോടും : മത്തങ്ങ

? ഒരു കുപ്പിക്ക് രണ്ട് ഊട്ട : മൂക്ക്

? ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര : ചെരുപ്പ്

? ഇട്ടാൽ പൊട്ടും ഇംഗ്ളീഷ് മുട്ട : കടുക്

? അകത്ത് തിരിതെറുത്ത് പുറത്ത് മുട്ടയിട്ട് : കുരുമുളക്

? രണ്ട് സുന്ദരികൾ ഒരുമിച്ചേ കരയു : കണ്ണ്

# ?കടംകഥകൾ

? ആനയ്ക്കും നിലയില്ല പാപ്പാനും നിലയില്ല അമ്പാടിക്കണ്ണന്

അരയോളം വെള്ളം - തവള

? തിന്നില്ല,കുടിക്കില്ല,തല്ലാതെ മിണ്ടില്ല - ചെണ്ട

? പിടിച്ചാൽ പിടികിട്ടില്ല,വെട്ടിയാൽ വെട്ടേൽക്കില്ല - വെള്ളം

? ഇല്ലിമേലായിരം പല്ലിമുട്ട - നെല്ലിക്ക

? പൂക്കില്ല,കാക്കില്ല,വെട്ടിയാൽ വെട്ടേൽക്കില്ല - വെള്ളം

? കോലിനോട് പറഞ്ഞാൽ കോളാമ്പി ഏറ്റു പറയും- ഉച്ചഭാഷിണി

? പുലിയുണ്ടതിൻ മേൽ ഇലയുണ്ടതിൻമേൽ

പുകയുണ്ടതിൻമേൽ തീയുണ്ടതിൻമേൽ

കലയുണ്ടിതിൻമേൽ കലിയുണ്ടിതിൻമേൽ

ആരോഗ്യഹാനിക്ക് വകയുണ്ടിതിൻമേൽ -പുകയില

# ഞണ്ടിന്റെ ഉപദേശം



ഒരു ഞണ്ടിൻകുട്ടി തിരക്കിട്ട് ഓടുകയാണ്.കുറേനേരം ഇടതുവശത്തേക്ക് പിന്നെ കുറച്ചുനേരം വലതുവശത്തേക്ക്.ഞണ്ടമ്മ അതുകണ്ടു ഇങ്ങനെ ഇടത്തേക്കും വലത്തേക്കും സഞ്ചരിച്ചാൽ എങ്ങനെയാണ് മുന്നോട്ട് പോവുക. അമ്മ കുഞ്ഞിനെ ഉപദേശിക്കാൻ തുടങ്ങി.

"എന്റെ കുട്ടീ,നീ ഇടത്തോട്ടും വലത്തോട്ടും സഞ്ചരിച്ച് സമയം കളഞ്ഞിട്ട് എന്താണ് പ്രയോജനം.നേരേ ചൊവ്വെ മുന്നോട്ട് നടന്നുകൂടെ.നിന്റെ നടത്തം കണ്ടാൽ മറ്റുള്ളവർ കളിയാക്കില്ലേ." ഞണ്ടമ്മ തന്റെ കുട്ടിയെ ഗുണദോഷിച്ചു.

അമ്മയുടെ ഉപദേശം കേട്ടപ്പോൾ,അത് ശരിയാണെന്ന് അവനു തോന്നി.ഉടനെ അവൻ മുന്നോട്ട് നടക്കാൻ ശ്രമിച്ചു.അപ്പോഴും അവന് വശങ്ങളിലേക്കല്ലാതെ മുന്നോട്ട് സഞ്ചരിക്കാൻ കഴിഞ്ഞില്ല.അവനാകെ നിരാശയായി.

"അമ്മേ,ഞാൻ എത്രശ്രമിച്ചിട്ടും  എനിക്ക് സാധിക്കുന്നില്ല. അമ്മ  ഒന്ന് കാണിച്ചു തരൂ. അപ്പോൾ എനിക്ക് അതുകണ്ട് നേരെ നടക്കാൻ കഴിയുമല്ലോ."അവൻ അമ്മയോട് ആവശ്യപ്പെട്ടു.

മകന്റെ ആഗ്രഹമനസരിച്ച് അമ്മ നടന്നു തുടങ്ങി.മുന്നോട്ട് നടക്കാനാണ് അമ്മ ശ്രമിച്ചതെങ്കിലും നടത്തം ഇടത്തോട്ടായി.വീണ്ടും നടക്കാൻ ശ്രമിച്ചപ്പോൾ നീങ്ങിയത് വലത്തോട്ട്.


അമ്മയുടെ നടത്തവും വശങ്ങളിലേക്ക് തന്നെ "അമ്മയ്ക്ക് നടക്കുവാൻ കഴിയുന്നില്ല.പിന്നെ എങ്ങനെയാണ് എനിക്ക് കഴിയുന്നത്.മകൻ പറഞ്ഞു ശരിയാണ്.തനിക്കെന്നല്ല മറ്റേതു ഞണ്ടിനും മുന്നോട്ട് നടക്കുവാൻ കഴിയില്ല.അപ്പോഴാണ് അമ്മയ്ക്ക് കാര്യം മനസ്സിലായത്.

അവനവന്റെ കുറ്റവും കുറവും മനസ്സിലാക്കാതെ അന്യനെ ഉപദേശിച്ചാൽ അപഹാസ്യനാകും.

# ഭാരതത്തിന്റെ പ്രധാനമന്ത്രിമാർ


1.പണ്ഡിത് ജവഹർലാൽ നെഹ്റു :1947-1964





2. ഗുൽസാരിലാൽ നന്ദ :1964-1964

3.ലാൽ ബഹാദൂർ ശാസ്ത്രി :1964-1966







4.ഇന്ദിരാഗാന്ധി :1966-1977,1980-1984



5.മൊറാൻജി ദേശായി :1977-1980




6.ചരൺ സിംങ് :1979-1980



7.രാജീവ് ഗാന്ധി :1984-1990



8.വിപി സിംഗ് :1989-1990




9.എസ് ചന്ദ്രശേഖർ :1990-1991




10.പിവി നരസിംഹറാവു :1991-1998

11.എബി വാജ്പേയ് :1998-2004





12.എച്ച് ഡി ദേവഗൗഡ : 1996-1997



13.ഐ കെ ഗുജറാൾ : 1997-1998



14.മൻമോഹൻ സിംങ് : 2004-2014

15.നരേന്ദ്രമോദി :2014-



# "കുഞ്ഞിക്കുരുവിയുംകണ്ടൻ പൂച്ചയും"



കുഞ്ഞിക്കുരുവി തീറ്റ അന്വേഷിച്ച നടക്കുകയായിരുന്നു. പറന്ന് പറന്ന് അവളൊരു വീട്ടുമുറ്റത്ത് ചെന്നു. അവിടെ കുറെ ഗോതമ്പുമണികൾ ഉണക്കാനായി ഒരു മുറത്തിൽ വച്ചിരുന്നത്.അവളുടെ ശ്രദ്ധയിൽപ്പെട്ടു.ഹായ്! എത്ര ദിവസമായി ഗോതമ്പുമണി തിന്നിട്ടു അവളുടെ വായിൽ



വെള്ളമൂറി.അവൾ പയ്യെ നടന്ന് നടന്ന് മുറത്തിനരുകത്ത് എത്തിയിട്ട് ചുറ്റും നോക്കി. ആരും ഇല്ല....അവൾകണ്ണുകടച്ച് ഗോതമ്പുമണികൾകൊത്തിതിന്നാൻതുടങ്ങി.. ആർത്തിമൂത്ത് ചുണ്ടു നിറയെ ഗോതമ്പു മണികൾ കൊത്തിയെടുത്തു.പെട്ടെന്നായിരുന്നു അത് സംഭവിച്ചത്.ആരോ അവളുടെ കഴുത്തിൽ കടന്നുപിടിച്ചിരിക്കുന്നു. അവൾ കണ്ണുതുറന്നു നോക്കിയപ്പോൾ അതാ ഒരു കണ്ടൻ പൂച്ച.

ചെത്തിമരത്തിന്റെ ചുവട്ടിൽ പതുങ്ങി ഇരുന്ന് എല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.ആ വീട്ടിലെ വളർത്തു പൂച്ചയായിരുന്ന കണ്ടൻ.കുഞ്ഞിക്കുരുവിയുടെ വെപ്രാളം

കണ്ട് അവന് ചിരി അടക്കാൻ കഴിഞ്ഞില്ല.കണ്ടൻ
പിടിവിടുന്ന ലക്ഷണമില്ല.എങ്ങനെയെങ്കിലും അവനിൽ നിന്നും
രക്ഷപ്പെടണം.എന്തോ ഓർത്തിട്ടെന്നപൊലെ അവൾ കണ്ടൻ
പൂച്ചയോട്
ചോദിച്ചു

" ചേട്ടൻ എന്നെ തിന്നാൻ പോകുകയാണെന്ന്
തോന്നുന്നു?"

"അതിനെന്താ സംശയം.എന്റെ രാവിലത്തെ
ഭക്ഷണം നീ ആയിക്കോട്ടെ"എല്ലാം കീഴടക്കിയ
ഭാവത്തിൽ കണ്ടൻ പറഞ്ഞു.

ചേട്ടൻ എന്നെ കൊന്നു തിന്നോളൂ.
പക്ഷെ അതിനുമുമ്പ് ഞാൻ ചേട്ടനോട് ഒരു കാര്യം
ചോദിക്കട്ടെ."ചോദിച്ചോളൂ....ചോദിച്ചോളൂ...."
ഉത്തരം പറയാൻ കണ്ടൻ പൂച്ച റെഡിയായി.

" രാവിലെ എഴുന്നേറ്റാൽ ഭക്ഷണത്തിനു
മുമ്പ് പല്ലു തേയ്ക്കേണ്ടേ....മുഖം കഴുകേണ്ടേ....വൃത്തിയില്ലാ
താണോ ആഹാരം കഴിക്കുന്നത്.വൃത്തി ഉണ്ടെങ്കിലെ
ശുചിത്വം ഉണ്ടാകൂ.ശുചിത്വം ഉള്ളിടത്തേ ആരോഗ്യം
ഉണ്ടാകൂ."

കുഞ്ഞിക്കുരുവിയുടെ വർത്തമാനം കേട്ടപ്പോൾ അത്
ശരിയാണെന്ന് കണ്ടൻ പൂച്ചയ്ക്ക് തോന്നി."എനിക്ക്
തെറ്റുപറ്റിപ്പോയി കുഞ്ഞിക്കുരുവീ
ഞാൻ എഴുന്നേറ്റപ്പാടെ ഇങ്ങോട്ടു പോന്നു.നീ ഇവിടെ
നിൽക്ക്... ഞാൻ എളുപ്പം പല്ലും മുഖവും കഴുകി വരാം
അതുവരെ നീ ഇവിടെത്തന്നെ ഉണ്ടാകണം കേട്ടോ?"കണ്ടൻ പൂച്ച

പറഞ്ഞു.

കുഞ്ഞിക്കുരുവി തലയാട്ടി.കണ്ടൻ പൂച്ച അവളുടെ കഴുത്തിൽ നിന്നും പിടി വിട്ടു.പല്ലുതേച്ച് മുഖം കഴുകാനായി കുളിക്കടവിലേയ്ക്ക് ഓടി.ഈ തക്കത്തിന് കുഞ്ഞിക്കുരുവി തന്റെ കുഞ്ഞുചിറകുകൾ തട്ടികുടഞ്ഞു.പിന്നെ പറന്ന് മാവിൻ കൊമ്പത്തിരുന്നു.

കണ്ടൻ പൂച്ച മുഖം കഴുകി ഓടിയെത്തി.കുഞ്ഞിക്കുരുവി എവിടെ?അവൻ ചുറ്റും നോക്കി.മാവിൻ കൊമ്പത്തിരുന്നുകൊണ്ട് കുഞ്ഞിക്കുരുവി പറഞ്ഞു "എടാ മണ്ടൻ പൂച്ചേ ഞാനിവിടെ ഉണ്ടേ."

അപ്പോഴാണ് കണ്ടൻ പൂച്ചയ്ക്ക് തനിക്ക് പറ്റിയ അമിളി മനസ്സിലായത്.

# ★ ★ ★ ക്വിസ് ★ ★ ★

★ ഗ്ലാസ് മുറിക്കുവാൻ ഉപയോഗിക്കുന്ന വസ്തു ?

വജ്രം

★ ഇന്ത്യൻ രാഷ്ടപതിയായ ആദ്യ മലയാളി ?

കെ.ആർ നാരായണൻ

★ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വനമുള്ള സംസ്ഥാനം?

മധ്യപ്രദേശ്

★ ജനസംഖ്യ ഏറ്റവും കൂടുതൽ ഉള്ള ഇന്ത്യൻ സംസ്ഥാനം?

ഉത്തർപ്രദേശ്

★ വൃദ്ധഗംഗ എന്നറിയപ്പെടുന്ന നദി?

ഗോദാവരി

★ ഇന്ത്യയുടെ ആദ്യ വനിത രാഷ്ട്രപതി?

പ്രതിഭാ പാട്ടിൽ

★ കേരളത്തിലെ ആദ്യ ഗവർണ്ണർ?

ബി.രാമകൃഷ്ണ റാവു

★ മുഗൾ രാജവംശത്തിന്റെ സ്ഥാപകൻ?


ബാബർ

★ ഇന്ത്യയുടെ ധാന്യക്കലവറ എന്നറിയപ്പെടുന്നത് ?

പഞ്ചാബ്

# ജവഹർലാൽ നെഹ്റു

18-ാം നൂറ്റാണ്ടിൽ കാശ്മീരിൽനിന്ന് അലഹബാദിലേക്ക് കുടിയേറിയ ബ്രാഹ്മണകുടുംബത്തിൽ 1889 നവംബർ 14 ന് ജനനം. സ്വാതന്ത്യ സമര സേനാനിയും നിയമവിദഗ്ധനുമായ മോത്തിലാൽ നെഹ്റുവിന്റേയും സ്വരൂപ് റാണിയുടേയും മകൻ. ഉന്നത വിദ്യാഭ്യാസത്തിനായി ലണ്ടനിലേക്ക് പോയി. വിദ്യാഭ്യാസത്തിന് ശേഷം,1916 ൽ കമലാകൗളിനെ വിവാഹം ചെയ്തു. 1917 ൽ ഏകപുത്രി ഇന്ദിരാ പ്രിയദർശിനി ജനിച്ചു.



1930 ൽഉപ്പുനിയമത്തിനെതിരെ സമരം ചെയ്ത് അറസ്റ്റ്ചെയ്യപ്പെട്ടു.1947 ൽ സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായി .1964 മെയ്27 ന് അന്തരിച്ചു.

ഇന്ത്യൻ ഭരണഘടനക്ക് 'ആമുഖം' എന്ന ആശയം അവതരിപ്പിച്ചത് നെഹ്റുവാണ്. ഏഷ്യൻ ഭൂഖണ്ഡത്തിലെ ഏറ്റവും വലിയ കായിക മാമാങ്കമായ ഏഷ്യൻഗെയിംസ് നടത്താൻ മുൻകൈ എടുത്തത് നെഹ്റുവാണ്.

ചേരിചേരാനയത്തിന് നേതൃത്വം നടത്തിയതും ഇദ്ദേഹമാണ്.പൂക്കളേയുംകുഞ്ഞങ്ങളേയും സ്നേഹിച്ച നെഹ്റുവിന്റെ ജന്മദിനമാണ് ശിശുദിനമായി ആഘോഷിക്കുന്നത്.

## പ്രധാന കൃതികൾ

1. ആത്മകഥ
2. ഇന്ത്യയെ കണ്ടെത്തൽ
3. ഇന്ത്യയിൽ 18 മാസം
4. വിശ്വചരിത്രാവലോകനം
5. ഇന്ത്യയും ലോകവും
6. ഇന്ത്യയുടെ ഏകത

# തുമ്പി വാവാവാ




തുമ്പി തുമ്പി വാ
പൂന്തേനുണ്ണാൻ വാ വാ
വർണ്ണച്ചിറകുകൾ വിടർത്തി വാ വാവാ
തുമ്പി തുമ്പി വാവാവാ
നിന്നെ കാണാനെന്തുരസം
തുമ്പി തുമ്പി വാവാവാ
തുമ്പ പൂവിലിരിക്കാൻ വാ.....!

# KITE

**[KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION]**

**It is a government estsblished project to promote and impliment modernisation of educational institutions in the state of kerala.Kite aims to upgrade the government sector educational institutions at par with international standards interms of infrastructure, facilities, resources, curriculam, pedagogy,etc.**

# വൈക്കം മുഹമ്മദ് ബഷീർ



1908 ൽ കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ചു.
പിതാവ്-കായിഅബ്ദുൾ റഹിമാൻ
മാതാവ്-കുഞ്ഞാച്ചുമ്മ.

1925 ൽ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് സ്കൂളിൽ നിന്ന് പുറത്താക്കി. 1930 ൽ കോഴിക്കോട്ട് ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് അറസ്റ്റ്ചെയ്യപ്പെട്ടു.

'പ്രഭാ' എന്ന തൂലികാനാമത്തിൽ നിരവധി ബ്രിട്ടീഷ് വിരുദ്ധലേഖനങ്ങളെഴുതി. 1938 ൽ 'എന്റെ തങ്കം' എന്ന ആദ്യ ചെറുകഥ പുറത്തു വന്നു.

## പ്രധാന കൃതികൾ.

പാത്തുമ്മയുടെ ആട്, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു, പ്രേമലേഖനം, ബാല്യകാലസഖി, മതിലുകൾ, മാന്ത്രികപ്പൂച്ച, ജന്മദിനം, ഭൂമിയുടെ അവകാശികൾ, വിശ്വവിഖ്യാതമായ മൂക്ക്, നേരുംനുണയും

## ബഹുമതികൾ

ഓർമ്മയുടെഅറകൾ(ആത്മകഥ), ഭാർഗ്ഗവീനിലയം(തിരക്കഥ) തുടങ്ങിയവ കേരള സാഹിത്യ അക്കാദമി അംഗത്വം,കേന്ദ്ര സാഹിത്യഅക്കാദമി ഫെല്ലോഷിപ്പ്, സ്വാതന്ത്ര്യ സമര പ്രവർത്തനത്തിന് താമ്രപത്രം, കാലിക്കറ്റ് സർവ്വകലാശാലയുടെ ഓണററി ഡീലിറ്റ്, വള്ളത്തോൾ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1994 ൽ ബേപ്പൂരിൽ അന്തരിച്ചു.

# ഭാരതത്തിലെ രാഷ്ട്രപതിമാർ

| | |
|---|---|
| ഡോ.രാജേന്ദ്ര പ്രസാദ് | : 1950-1962 |
| ഡോ.എസ്.രാധാകൃഷ്ണൻ | : 1962-1967 |
| വി.വി ഗീരി | : 1967-1969 |
| ഡോ.സാക്കീർ ഹുസൈൻ | : 1969-1974 |
| ഫക്രുദ്ദീൻ അലീ അഹമദ് | : 1974-1977 |
| നീലം സാജീവ് റഡ്ഡീ | : 1977-1982 |
| ഗ്യനീ സെയിൽ സിങ് | : 1982-1987 |
| ആർ.വെങ്കട്ടരാമൻ | : 1987-1992 |
| ശങ്കർ ദേയാൽ ശർമ്മ | : 1992-1997 |
| കെ ആർ നാരായണൻ | : 1997-2002 |
| എ പി ജെ അബ്ദുൽ കലാം | : 2002-2007 |
| പ്രതിഭ പട്ടേൽ | : 2007-2012 |
| പ്രണവ് മുഖർജീ | : 2012-2017 |

-

# समय का महत्व

लेख:



हम समय को बहुत मूल्यवान समझें और उसका उपयोग करने में पूरी सावधानी बरतें ।साथ ही किसी प्रकार का आलस्य न करें ।समय बहुतबडी मूल्यवान चीज़ है ।समय प्रतिपल समाप्त हो जाता है और हमें काम करने के लिएमिली अवधि कम हो जाती है ।समय नष्ट हो जाने पर काम बिग़ड सकता है और हमें पछताना पडता है ।इसलिए समय बचाओ उसे नष्ट न होने दो ।

# സ്നേഹം

ഇവിടെ സ്നേഹിച്ചതാദ്യമായ് ആരെ ഞാൻ ?
മിഴികളിൽ ചുണ്ടു ചേർത്തൊരെന്നമ്മയെ
കവിത ചൊല്ലി പഠിപ്പിച്ചൊരച്ഛനെ
വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ



ഇവിടെ സ്നേഹിച്ചതാദ്യമായ് എന്തിനെ ?
ചുവടുതാങ്ങി തുണച്ചൊരീ മണ്ണിനെ
പിറവിയോടൊത്തു കണ്ട നഭസ്സിനെ
മധുരമൂറും മനുഷ്യവചസ്സിനെ...

കിളികൾ വാഴ്ത്തുന്ന മുഗ്ധരാഗത്തിനെ
കുളിരു ചൂടുന്ന സുപ്രഭാതത്തിനെ
ഹൃദയരാഗം ചുവപ്പിച്ച സന്ധ്യയെ
ഇരുളു നീക്കുന്ന സൗവർണ്ണ സൂര്യനെ...

അഴകിൽമുങ്ങിയോരിന്ദ്ര ധനുസ്സിനെ
അലിവു കാട്ടുന്ന കാർമേഘ പാളിയെ
നിഴൽ നിരത്തുന്ന നിശ്ശബ്ദ രാത്രിയെ
അഴലകറ്റുവാനെത്തും പകലിനെ...

# മഴ.... മഴ.... മഴ.....


മഴയുടെ മാധുര്യം
മഴമേഘങ്ങൾ വാനിൽ നിറയും
കുളിരും തണലും ഭുവിൽ നിറയും
മണ്ണിൽ മനുഷ്യനിർവൃതിയുണരും
മഴയായ സ്നേഹംഭുവിൽപൊഴിയും
മഴയുടെ ഒടുവിൽ മഴവിൽ വിരിയും
നിറവും മണവും മനസ്സിൽ നിറയും
മഴയുടെ തളിരുകൾ മധുവായ് നിറയും
വസന്തം മണ്ണിൽ നിറഞ്ഞുകവിയും

# സൗഹൃദം



ജീവന്റെ  ആദ്യാക്ഷരങ്ങൾ നിറവിന്റെ കനവുകളിലേക്ക്

പകരുന്ന അമ്മയും മകളും തമ്മിലുണ്ട് സൗഹൃദം....

ജീവിതത്തിന്റെ ഒരു വേളയിൽ കണ്ടുമുട്ടിയ

സുഹൃത്തുക്കൾ തമ്മിലുണ്ട് സൗഹൃദം....

പുലരാൻ പുലർത്തുവാൻ പുകയുതി നീറുന്ന

അച്ഛനും മകളും തമ്മിലുണ്ട് സൗഹൃദം....

അറിവ് പകർന്നു നൽകുന്ന അധ്യാപികയും

കുട്ടിയും തമ്മിലുണ്ട് സൗഹൃദം....

എവിടെയും സൗഹൃദം എന്നും നിലനിൽക്കട്ടെ സൗഹൃദം....

## പുതുനാമ്പുകൾക്കായ്
## ഉയർത്തെഴുന്നേൽക്കുക നീ..............

